**“ഹോപ്പ് പദ്ധതിയുടെ” ഓൺലൈൻ ക്ലാസ്സ് ഉദ്ഘാടനം തിങ്കളാഴ്ച**

പഠനം പാതിവഴിയിലുപേക്ഷിക്കേണ്ടി വന്നവർക്കും പരീക്ഷയിൽ തോറ്റവർക്കും വിജയത്തിലേക്ക് വഴി തുറക്കുന്ന പോലീസിന്റെ ‘ഹോപ്പ് പദ്ധതിയുടെ” പുതിയ അധ്യായന വർഷത്തിന് എറണാകുളം റൂറൽ ജില്ലയിൽ തിങ്കളാഴ്ച തുടക്കമാകും. ഓൺലൈൻ ക്ലാസുകളുടെ ഉദ്ഘാടനം രാവിലെ 11ന് ജില്ലാ പോലിസ് മേധാവി കെ. കാർത്തിക് നിർവ്വഹിക്കും. പന്ത്രണ്ടു പേരെ എസ്.എസ്.എൽ.സി പരീക്ഷയ്ക്കും, 106 പേരെ പ്ലസ്ടു പരീക്ഷയ്ക്കും ഒരുക്കുകയാണ് ഇക്കുറി ലക്ഷ്യമിടുന്നത്. ജീവിത സാഹചര്യങ്ങളാൽ പഠനം വഴിമുട്ടിപ്പോയവർ, പരീക്ഷയിൽ പരാജയപ്പെട്ട് പഠനം ഉപേക്ഷിച്ചവർ ഇങ്ങനെയുള്ളവരെ കണ്ടെത്തി ആത്മവിശ്വാസം നൽകി ട്യൂഷൻ ക്ലാസുകളിലൂടെ വിജയത്തിലേക്കെത്തിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് എസ്.പി. കെ. കാർത്തിക് പറഞ്ഞു. ആദ്യഘട്ടത്തിൽ ഓൺ ലൈൻ ക്ലാസുകളാണ് നൽകുന്നത്. പ്രതിദിനം മൂന്നു ക്ലാസുകൾ ഉണ്ടാകും. പത്താം ക്ലാസുകൾക്ക് നേതൃത്വം നൽകുന്നത് സെന്റ് തെരേസാസിലെ ഗണിത ഡിപ്പാർട്ട്മെന്റാണ്. പ്രഗത്ഭരായ അധ്യാപകരാണ് ക്ലാസ് നയിക്കുന്നത്. കഴിഞ്ഞ വർഷം “ഹോപ്പ്” പദ്ധതിയിൽ റൂറൽ ജില്ലയിൽ 20 പേരാണ് പത്താം ക്ലാസ് പാസായത്. ഒരാൾക്ക് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ചു. പദ്ധതിയുടെ നോഡൽ ഓഫീസറായി അഡീഷണൽ എസ്.പി ഇ.എൻ. സുരേഷും, അഡ്മിനിസ്ട്രേറ്ററായി സബ്ബ് ഇൻസ്പെക്ടർ ടി.ആർ. ഗിൽസും പ്രവർത്തിക്കുന്നു.